എക്സൈസ് റേഞ്ച് ഓഫീസുകൾ

113 (4169) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാറശ്ശാല കേന്ദ്രീകരിച്ച് പുതിയതായി എക്സൈസ് റെയിഞ്ചോഫീസ് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) സർക്കാർ പുതിയതായി അനുവദിച്ച എക്സൈസ് ഇൻസ്പെക്ടർ തസ്തികകൾ എത്രയാണെന്നും ഇവയിൽ പുതിയതായി ആരംഭിക്കുമെന്ന് പറഞ്ഞ റെയിഞ്ചോഫീസുകൾ ഉൾപ്പെടെയാണോയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ വിഷയം പരിശോധിച്ചുവരികയാണ്.

(ബി) സംസ്ഥാനത്തെ മൈനർ എക്സൈസ് ചെക്ക് പോസ്റ്റുകളിൽ നിയമിക്കുന്നതിനായി മാത്രമായാണ് 31 എക്സൈസ് ഇൻസ്പെക്ടർമാരുടെ പുതിയ തസ്തികകൾ അനുവദിച്ചിട്ടുള്ളത്.

ചിറയിൻകീഴ് എക്സൈസ് റേഞ്ച് ഓഫീസ് നവീകരണം

114 (4170) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിറയിൻകീഴിൽ പ്രവർത്തിക്കുന്ന എക്സൈസ് റേഞ്ച് ഓഫീസിന്റെ ജീർണ്ണിച്ച കെട്ടിടം പുതുക്കിപ്പണിയാൻ എന്തെങ്കിലും തീരുമാനം പരിഗണനയിലുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ബി) ഓഫീസിന്റെ കാലപ്പഴക്കം പരിഗണിച്ച് പുതിയ കെട്ടിടം സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇതിന്റെ നവീകരണ പ്രവർത്തനം ഉടൻ ആരംഭിക്കാൻ കഴിയുമോ ; എങ്കിൽ എത്ര നാളിനകം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചിറയിൻകീഴ് എക്സൈസ് റേഞ്ച് ഓഫീസ് കെട്ടിടം അറ്റകുറ്റപ്പണി ചെയ്യുന്നതിന് പബ്ലിക് വർക്ക്സ് ഡിപ്പാർട്ടുമെന്റ് 2,15,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുണ്ട്.

പബ്ലിക് വർക്ക്സ് ഡിപ്പാർട്ടുമെന്റ് അധികാരികൾ, ടി ആഫീസ് പ്രവർത്തിച്ചുവരുന്ന മൂന്ന് ഓടുമേഞ്ഞ കെട്ടിടങ്ങൾ നേരിട്ട് പരിശോധന നടത്തിയതിൻപ്രകാരം ടി കെട്ടിടങ്ങളുടെ ബലക്ഷയത്തെക്കുറിച്ചോ ജീർണ്ണതയെക്കുറിച്ചോ പ്രത്യേകം പരാമർശം നടത്തിയിട്ടില്ല.

(ബി) പി.ഡബ്ല്യു.ഡി. അധികാരികളുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(സി) പി.ഡബ്ല്യു.ഡി. അധികാരികളുടെ നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് നവീകരണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly